പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 181 13.07.2011-ൽ മറുപടിയ്ക്ക്

എനർജി സർവ്വേ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. എളമരം കരീം :<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അടുത്ത പത്തു വർഷത്തേയ്ക്കുള്ള ഊർജ്ജാവശ്യങ്ങൾ കണ്ടെത്താൻ നടത്തുന്ന പതിനെട്ടാമത് എനർജി സർവ്വേ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) പതിനെട്ടാമത് പവർ സർവ്വേയ്ക്കു വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളമുൾപ്പെടെ ഇന്ത്യയൊട്ടാകെയുള്ള വൈദ്യുതി ആവശ്യകത കണക്കാക്കി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഒരു പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കി യിട്ടുണ്ട്. |
| (ബി) പത്തു വർഷം കഴിയുമ്പോൾ സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം എത്ര മെഗാവാട്ടായി ഉയരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; | (ബി) 2007 ൽ പ്രസിദ്ധീകരിച്ച 17-ാം പവർ സർവ്വേ റിപ്പോർട്ട് പ്രകാരം 2021-22 കാലത്ത് കേരളത്തിന്റെ വൈദ്യുതി ആവശ്യകത 5916 MW ആയിരിക്കുമെന്ന് കണക്കാക്കി യിട്ടുണ്ട്. |
| (സി) സർവ്വേയുടെ ഭാഗമായുള്ള കരട് രേഖ തയ്യാറായിട്ടുണ്ടോ ; എങ്കിൽ ആയത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; അതിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (സി) സർവ്വേയുടെ ഭാഗമായി കെ. എസ്. ഇ. ബി കരട് രേഖ തയ്യാറാക്കി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.182 — 13-7-2011-ന് മറുപടിക്ക്

## മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ജയിംസ് മാത്യു | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) അറവുശാലകളിൽ നിന്നുള്ള മാലിന്യ സംസ്ക്കരണത്തിനായി നിലവിലുള്ള അറവുശാലകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള അറവുശാലകളെ നവീന അറവുശാല കളായി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും മൂലധന ചെലവിന്റെ 50% സാമ്പത്തിക സഹായവും നൽകാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. നവീന അറവുശാലകളിൽ മാലിന്യങ്ങൾ തരംതിരിക്കാനും അവയിൽ നിന്നും വിഭവങ്ങൾ വീണ്ടെടുക്കാനും, ശേഷിക്കുന്ന മാലിന്യം സംസ്ക്കരിക്കാനുമുള്ള സംവിധാനവും ഉൾപ്പെടുന്നു. ഇതിനുള്ള സാങ്കേതിക സഹായം ശുചിത്വ മിഷൻ വഴിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. |
| സി) നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണ | സി) നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണത്തിനും, |

ത്തിനും, മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ കാലാകാലമായി മാലിന്യങ്ങൾ കുന്നുകൂടുന്നതു മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൊതുവായ പരിപാടികൾ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മാലിന്യ നിക്ഷേപ സ്ഥലത്ത് കാലാകാലങ്ങളായി കുടികിടക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി ക്യാപ്പ് ചെയ്ത് നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ ശുചിത്വ മിഷന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഭാഗീക സാമ്പത്തിക സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. നടപ്പു സാമ്പത്തിക വർഷം ഇതിനായി 425 ലക്ഷം രൂപ 2011 ഫെബ്രുവരിയിലുള്ള വാർഷിക പദ്ധതിയിൽ വകയിരുത്തുകയും തുടർന്ന് പുതുക്കിയ ബഡ്ജറ്റിൽ 1850 ലക്ഷം രൂപ നിർദ്ദേശിച്ചിട്ടുമുണ്ട്.

Indulekha S

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 183 — 13.07.2011 -ൽ മറുപടിയ്ക്ക്

## വന മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് കർമ്മ പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |

എ) വനമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർ ഉൾപ്പെടെയുള്ള ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും കർമ്മ പരിപാടികൾക്ക് വനം വകുപ്പ് ഇതിനകം രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

എ) ഉണ്ട്; വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ സംരക്ഷണ സമിതികൾ, ഇക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു;

1. വനമേഖലയിലെ പട്ടിക വർഗ്ഗക്കാർക്ക് വനവൽക്കരണ പരിപാടികളിൽ പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.
2. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളുടെ ഗുണഭോക്താക്കളായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി തടി നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
3. ഇക്കോ ടൂറിസം പദ്ധതികളുടെ ഭാഗമായി തൊഴിലവസരങ്ങൾ നൽകുന്നു.
4. അപകട മരണം, അംഗവൈകല്യം എന്നിവയ്ക്ക് പട്ടിക വർഗ്ഗക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.
5. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക്

നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

6. ദേശീയ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി പൊതു ആസ്തികൾക്കായുള്ള ധന സഹായം നൽകുന്നു.
7. തടിയേതര വന വിഭവങ്ങൾ സൗജന്യമായി ശേഖരിക്കുന്നതിനുള്ള അനുമതി പട്ടികവർഗക്കാർക്ക് നൽകിയിട്ടുണ്ട്.
8. പട്ടികവർഗക്കാർ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് സൗജന്യമായി ഈറ്റയും മുളയും നൽകുന്നുണ്ട്.
9. പട്ടികവർഗക്കാരുടെ കൃഷിയിടങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ജൈവ കുരുമുളക് വിദേശത്തേക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നു.
10. പട്ടികവർഗ സെറ്റിൽമെന്റുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കി വരുന്നു.
11. തടിയേതര വനവിഭവങ്ങളുടെ ശേഖരണം, സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധന വിപണനം എന്നിവയ്ക്കായി വനശ്രീ പദ്ധതി നടപ്പാക്കി വരുന്നു.
12. ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി വഴി തൊഴിൽ പരിശീലനങ്ങൾ നൽകി വരുന്നു.

| | | | |
|---|---|---|---|
| ബി) | വന സംരക്ഷണ സമിതികളുടെയും എക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനം ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് കൂടുതൽ സഹായകരമാകുന്നുണ്ടോ ; | ബി) | ഉണ്ട്. |

സി) ഇവയുടെ പ്രവർത്തനത്തിൽ എന്തെല്ലാം സഹായങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

സി) ദേശീയ വന വൽക്കരണ പരിപാടി, ഇക്കോടൂറിസം പദ്ധതി, ദേശീയ ഔഷധ സസ്യ ബോർഡ്, ദേശീയ ബാംബു മിഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ വഴി ലഭിക്കുന്ന ധന സഹായം ഉപയോഗിച്ച് കൂടുതൽ വന സംരക്ഷണ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതി/എക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റി വഴി നടപ്പിലാക്കുന്നതാണ്. കൂടാതെ പട്ടിക വർഗ്ഗക്കാർ ശേഖരിക്കുന്ന തടിയേതര വന വിഭവങ്ങൾ വന സംരക്ഷണ സമിതി/ എക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റി വഴി മൂല്യ വർദ്ധനവ് നടത്തി വിപണനം നടത്തുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ വർദ്ധിപ്പിക്കുവാനും പരിപാടിയുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 184 — 13.07.2011-ൽ മറുപടിയ്ക്ക്

വൈദ്യുതി രംഗത്തെ സ്വകാര്യ പങ്കാളിത്തം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ഉൽപ്പാദന-പ്രസരണ-വിതരണ മേഖലകളിൽ സ്വകാര്യ പങ്കാളിത്തത്തിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധമായ നയം എന്താണെന്ന് വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാന ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള നയരേഖകൾ പ്രകാരം പ്രസരണ വിതരണ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടില്ല. വൈദ്യുതി ഉല്പാദന രംഗത്ത് മാത്രമാണ് സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുള്ളത്. |
| (ബി) സംസ്ഥാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) ഇത് സംസ്ഥാനത്തിന് ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:185 — 13.07.2011 ൽ മറുപടിയ്ക്ക്

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ.നാണു<br>ശ്രീ.മാത്യു ടി തോമസ്<br>ശ്രീമതി.ജമീലാ പ്രകാശം | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ബഹു.ഊർജ്ജ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ കാറ്റിൽ നിന്ന് എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ കാറ്റിൽ നിന്ന് 34.85 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | ഈ രംഗത്തെ സ്വകാര്യസംരംഭങ്ങൾ എത്രയെന്നും സർക്കാർ സംരംഭങ്ങൾ എത്രയെന്നും ഇവയിലെ ഉല്പാദനം എത്ര വീതമാണെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | സർക്കാർ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽരണ്ടുംവിന്റ്ഫാമുകളാണുള്ളത്. സ്വകാര്യ മേഖലയിൽ M/s വെസ്റ്റാസ് Ltd. 14.25 MW വൈദ്യുതി സ്ഥാപിത ശേഷിയിൽ രാമക്കൽമേടും M/s സുസ് ലോൺ എനർജി ലിമിറ്റഡ് 18.6 MW വൈദ്യുത സ്ഥാപിതശേഷിയിൽ അട്ടപ്പാടിയിലും രണ്ട്വിന്റ്ഫാമുകൾ നടത്തുന്നു.സർക്കാർ മേഖലയിൽ KSEB (കഞ്ചിക്കോട്) 2MW വൈദ്യുതി സ്ഥാപിത ശേഷിയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |
| (സി) | ഒരു മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്ന് ഉല്പാദിപ്പിക്കുന്നതിന് ശരാശരി എത്ര തുക ചെലവുവരുമെന്ന്വ്യക്തമാക്കുമോ? | (സി) | ഒരു മെഗാവാട്ടിന് ശരാശരി 5 കോടി രൂപ സ്ഥാപിത ചെലവ് വരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :186 — 13.07.2011-ൽ മറുപടിയ്ക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.ബി.സത്യൻ:<br>ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീ.വി ചെന്താമരാക്ഷൻ:<br>ഡോ. കെ.ടി ജലീൽ: | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസന ആസൂത്രണ നിർവ്വഹണത്തിലും കാര്യപ്രാപ്തി വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പരിശീലന പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) ഉണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന കാര്യപ്രാപ്തി വികസന പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

1. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ എന്നിവരുടെ നേതൃത്വശേഷി വികസനത്തിനായുള്ള പരിശീലനം
2.വിവിധ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാന്മാർക്കുംഅംഗങ്ങൾക്കുമുള്ള പരിശീലനം
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള പരിശീലനം
4.പുതുതായി നിയമനം ലഭിച്ച സെക്രട്ടറിമാർക്കുള്ള പരിശീലനം
5.പുതുതായി നിയമനം ലഭിച്ച എൽ.ഡി ക്ലാർക്കുമാർക്കുള്ള പരിശീലനം
6.ഓഫീസ് മാനേജ്മെൻറും സേവന പ്രദാനം കാര്യക്ഷമമാക്കുന്നതിനുമുള്ള പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസനാസൂത്രണ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യപ്രാപ്തി വികസനത്തിന്താഴെപ്പറയുന്ന പരിശീലന പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

1.ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്കുള്ള പരിശീലനം
2.ടെക്നിക്കൽ അഡൈ്വസറിഗ്രൂപ്പ് ഭാരവാഹികൾക്കുള്ള പരിശീലനം
3.നീർത്തട വികസന മാസ്റ്റർപ്ലാൻ തയ്യാറാ

ക്കി നടപ്പാക്കുന്നതിനുള്ള പരിശീലനം
4.മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള പരിശീലനം.
5.പ്രത്യേക ഘടകപദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പരിശീലനം
6. പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പരിശീലനം
7.സംയോജിത ജില്ലാപദ്ധതി രൂപീകരണത്തിനുള്ള പരിശീലനം
8.ജെന്റർ ബഡ്ജറ്റ് തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പരിശീലനം.

| | | | |
|---|---|---|---|
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് വിഭജിച്ച പുതിയ സാഹചര്യത്തിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | തദ്ദേശസ്വയം ഭരണ വകുപ്പിനെ വിഭജിച്ചിട്ടില്ല.നിലവിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്ന കില, എസ് ഐ.ആർ.ഡി എന്നിവയിലൂടെ തന്നെ ഈ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |
| (സി) | പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും ആവശ്യമായ പരിശീലനം യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | പുതുതായിതെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സമയബന്ധിതമായും ആവശ്യാധിഷ്ഠിതമായും പരിശീലനം നല്കുന്നതിന് ദീർഘകാല ലക്ഷ്യത്തോടെ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അഞ്ച് വർഷകാലാവധിക്കുള്ളിൽ ജനപ്രതിനിധികൾക്ക് ഏറ്റവും കുറഞ്ഞത് മുപ്പത് ദിവസത്തെ പരിശീലനം വിവിധ വിഷയമേഖലകളെ അധീകരിച്ച് നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതോടൊപ്പംപുതിയജനപ്രതിനിധികളുടെ കാര്യപ്രാപ്തി വികസനത്തിനാവശ്യമായ തുടർസഹായങ്ങളും ഹെൽപ്ഡെസ്ക് സംവിധാനത്തിലൂടെ കിലയിൽ നിന്നും നല്കിവരുന്നുണ്ട്. പുതുതായി നിയമനം ലഭിക്കുന്ന സെക്രട്ടറിമാർക്കും മറ്റ് ജീവനക്കാർക്കും സമയബന്ധിതമായി പരിശീലനം നൽകിവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 187 13.07.2011 ൽ മറുപടിയ്ക്ക്

ഒറീസയിലെ വൈതരണി കോൾബ്ലോക്കിൽ നിന്ന് കൽക്കരി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. ഒറീസയിലെ വൈതരണിയിലുള്ള കോൾബ്ലോക്കിൽ നിന്ന് എത്ര മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള കൽക്കരിയാണ് കേരളത്തിന് അലോട്ട് ചെയ്തിരിക്കുന്നത് ; | എ. | ഒറീസയിലെ ബൈതരണി കൽക്കരി ബ്ലോക്കിൽ നിന്നും 200.67 MT കൽക്കരിയാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. ഇത് ഉപയോഗിച്ച് 1000 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയിൽ നിന്നും 25 വർഷത്തേയ്ക്ക് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും എന്നാണ് കണക്കാക്കുന്നത്. പ്രതിവർഷം ഉദ്ദേശം 5 MT കൽക്കരി, ബൈതരണി കൽക്കരി പാടത്തിൽ നിന്നും കേരളത്തിന് ലഭ്യമാകും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| ബി. പ്രസ്തുത കൽക്കരി ഉപയോഗിച്ചുള്ള പദ്ധതി സംസ്ഥാനത്തിന് പുറത്ത് എവിടെയെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ ; | ബി. & സി. | ഉണ്ട്. എൻ.ടി.പി.സി./ഒറീസ്സാ സർക്കാർ എന്നിവരുമായുള്ള സംയുക്തസംരംഭമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി. എങ്കിൽ ഏത് സംസ്ഥാനത്ത് എങ്ങിനെയുള്ള പങ്കാളിത്തമാണ് ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കുമോ ; | | |
| ഡി. ഇത് എന്ന് പ്രായോഗികമാക്കാമെന്നാണ് കരുതുന്നത് ? | ഡി. | പ്രയോഗികമാക്കാൻ കഴിയുമെന്ന് കരുതുന്നു |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 186

13-07-2011-ൽ മറുപടിക്ക്

## വൈദ്യുതി നിലയങ്ങളിലെ ജീവനക്കാരുടെ സുരക്ഷ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ
,, പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ

(എ) മൂലമറ്റം പവ്വർ ഹൗസിലെ അപകടത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ വൈദ്യുതോല്പാദന നിലയങ്ങളിലും അനുബന്ധ ശൃംഘലയിലും ജോലി ചെയ്യുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ കൂടുതലായി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) വൈദ്യുതി നിലയങ്ങളിലെ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (സി)

മൂലമറ്റം പവർഹൗസിലെ അപകടത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ വൈദ്യുതോൽപ്പാദന നിലയങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടുതലായി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(1) ഫയർ ഡിറ്റക്ഷൻ & പ്രൊട്ടക്ഷൻ സിസ്റ്റം ആധുനികവൽക്കരിക്കുകയും അവ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി സ്ഥാപിക്കുകയും ചെയ്യുന്നതാണ്.

(2) എല്ലാ പവർഹൗസുകളിലും സുരക്ഷ ഓഡിറ്റ് നടത്തി ജീവനക്കാരുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ആട്ടോമാറ്റിക് ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതാണ്.

(4) കേബിളുകൾ വഴി തീ പടരുന്നത് തടയാനായി ഫയർ റിട്ടാർഡന്റ് കേബിളുകൾ സ്ഥാപിക്കുന്നതാണ്.

(5) പവർഹൗസിലെ വിവിധ നിലകളിലുള്ള വിവിധ ഉപകരണങ്ങളുടെയും പാനലുകളുടെയും യഥാർത്ഥ അവസ്ഥ ഉടനുടൻ കൺട്രോൾ റൂമിൽ ലഭ്യമാക്കുന്നതിനായി ആധുനികമായ

മോണിറ്ററിംഗ് സംവിധാനങ്ങൾ പ്രധാനപ്പെട്ട പവർ സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നതാണ്.

(6) പവർഹൗസുമായി ബന്ധപ്പെട്ട ഇൻടേക്ഗേറ്റ്, പെൻസ്റ്റോക്ക്, വാട്ടർ കണ്ടക്ടിംഗ് സിസ്റ്റം, പവർഹൗസ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നനിതായി ഒരു യൂണിഫൈഡ് കമാന്റ് & കൺട്രോൾ സംവിധാനം നടപ്പിൽവരുത്തുന്നത് പരിഗണനയിലാണ്.

(7) ആറുമാസത്തിൽ ഒരിക്കൽ വീതം പവർസ്റ്റേഷനുകളിലെ ജീവനക്കാർക്ക് ഫയർ & സേഫ്റ്റി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഫയർ & സേഫ്റ്റി വിഷയങ്ങളിൽ പരിശീലനം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യപരിശീലനം 08.07.2011-ൽ മൂലമറ്റത്ത് വച്ചു നടന്നു.

(8) അപകടം നടന്നാൽ ഉടൻ തന്നെ ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള “ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലു”മായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(9) പ്രധാന പവർസ്റ്റേഷനുകളിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ആംബുലൻസ് സൗകര്യം ഏർപ്പാടാക്കുന്നതാണ്.

(10) പവർഹൗസുകളിൽ നല്ല രീതിയിൽ മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരിശീലനം നേടിയ സ്കിൽഡ് ടെക്നീഷ്യൻസിനെ നിയമിച്ചിട്ടുണ്ട്.

(11) പവർഹൗസ് ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ഡ്രസ്കോഡും നിർബന്ധമാക്കും.

—

(ബി) അപകടത്തിന്റെ കാരണങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) അപകടത്തിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനായി താഴെ പറയുന്ന വിദഗ്ദ്ധരെ അംഗങ്ങളാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(1) ശ്രീ.കെ. രാധാകൃഷ്ണൻ [റിട്ടയേർഡ് മെമ്പർ (ജനറേഷൻ)]

(2) ശ്രീ. ജി. ബാലചന്ദ്രൻ [റിട്ടയേർഡ് ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്-ഇലക്ട്രിക്കൽ ഡിസൈൻ)]

(3) ശ്രീ. സാംസൺ വർഗ്ഗീസ് [സേഫ്റ്റി കമ്മീഷണർ, കെ.എസ്.ഇ.ബോർഡ്]

രണ്ടാഴ്ചക്കുള്ളിൽ വിശദമായ റിപ്പോർട്ട് നൽകുന്നതിന് കമ്മിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) മൂലമറ്റത്തെ അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ നല്കിക്കഴിഞ്ഞു എന്നും ഇനിയും എന്തൊക്കെ ആശ്വാസ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വിശദമാക്കുമോ ?

(ഡി) മരണമടഞ്ഞ ഓരോ ജീവനക്കാരന്റേയും ചികിത്സാചെലവുകളും മരണാനന്തര ചെലവുകളും ബോർഡ് വഹിച്ചു. കൂടാതെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് താഴെപ്പറയുന്ന അർഹമായ ആശ്വാസനടപടികൾ സ്വീകരിക്കുന്നുണ്ട്.

(1) കേരള സർക്കാരിന്റെ Group Personal Accident Insurance Scheme പ്രകാരം-8 ലക്ഷം രൂപ.

(2) KSEB Employees Welfare Fund ന്റെ അപകടമരണ സഹായം-5 ലക്ഷം രൂപ.

(3) വർക്ക്മെൻകോംപൻസേഷൻ ആക്ട്, 1923 പ്രകാരമുള്ള സഹായധനം ശ്രീ. പ്രയ്ക്ക് (SE)- 6.442 ലക്ഷം രൂപ

Ex-gratia Allowance ശ്രീമതി.മെറിൻ ഐസക്കിന് (AE)-8.54 ലക്ഷം രൂപ.

(4) കേരള സർക്കാർ അപകടത്തിൽ മരണമടഞ്ഞ ഓരോരുത്തർക്കും 'മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ' നിന്നും 5 ലക്ഷം രൂപ വീതം നൽകാൻ അതത് ജില്ലാ കളക്ടർമാരെ ചുമതല

പ്പെടുത്തിയിട്ടുണ്ട്.

(5) KSE Board നൽകുന്ന പ്രത്യേക ധനസഹായം 5 ലക്ഷം രൂപ.

(6) ഇവ കൂടാതെ നിയമാനുസൃതമുള്ള PF, ഗ്രാറ്റുവിറ്റി, പെൻഷൻ, ആശ്രിതനിയമനം എന്നിവ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 189 — 13.07.2011 -ൽ മറുപടിയ്ക്ക്

### വൃക്ഷാവരണം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ശശി<br>ശ്രീമതി. ഇ..എസ്. ബിജിമോൾ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഐക്യ രാഷ്ട സഭയുടെ കീഴിലുള്ള ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (ഐ.പി.സി.സി.) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ആഗോള താപനത്തിന്റെ ദുരന്തത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് സംസ്ഥാന സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ; | ബി) ഉണ്ട് |
| സി) ആഗോള താപനത്തിന്റെ ഭീഷണി നേരിടാനുള്ള പ്രധാന മാർഗ്ഗമായ വൃക്ഷാവരണം വർദ്ധിപ്പിക്കാൻ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) ആഗോള താപനത്തിന്റെ ഭീഷണി നേരിടാനുള്ള പ്രധാന മാർഗ്ഗമായ വൃക്ഷാവരണം വർദ്ധിപ്പിക്കാനായി വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വനേതര പ്രദേശങ്ങളുടെ വൃക്ഷാവരണം വർദ്ധിപ്പിക്കാനായി സാമൂഹ്യ വനവൽക്കരണ പദ്ധതി<br>2. പ്രക്ഷീണ വനങ്ങളുടെ പുനരുദ്ധാരണ പരിപാടികൾ<br>3. കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് പ്രോത്സാഹനം<br>4. കാവുകളുടെ സംരക്ഷണത്തിന് പ്രോത്സാഹനം |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *190 — 13.07.2011-ൽ മറുപടിക്ക്.

## സിനിമ റെഗുലേറ്ററി അതോറിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം.എ. ബേബി<br>ശ്രീ. പുരുഷൻ കടലു ണ്ടി<br>ശ്രീ. കെ. വി. വിജയദാസ് | **ശ്രീ. കെ. ബി. ഗണേഷ് കുമാർ**<br>(ബഹു: വനവും വന്യജീവിയും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) സിനിമ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിക്കുകയുണ്ടായോ: | (എ) ഇതു സംബന്ധിച്ച് സർക്കാരിന് മുൻപിൽ നിലവിൽ നിർദ്ദേശങ്ങളൊന്നുമില്ല. |
| (ബി) റെഗുലേറ്ററി അതോറിറ്റി രൂപീകരണം വഴി സിനിമാ ആസ്വാദകർക്കായി എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ: | (ബി) ഉദിക്കുന്നില്ല |
| (സി) തിയേറ്റർ ഉടമകൾക്ക് ടിക്കറ്റ് നിരക്ക് സ്വന്തം നിലയിൽ വർദ്ധിപ്പിക്കാൻ സാധിക്കുന്ന വ്യവസ്ഥയോടുകൂടിയാണോ അതോറിറ്റി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 191 13.07.2011-ൽ മറുപടിയ്ക്ക്

പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുത കണക്ഷൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. കെ. അജിത് :<br>ശ്രീമതി. ഗീതാ ഗോപി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പാവപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ് ; ഇതിനകം എത്ര പേർക്ക് ഇത്തരത്തിൽ വൈദ്യുത കണക്ഷൻ നൽകി ; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇവർക്ക് സൗജന്യമായി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) ഒരു പ്രത്യേക പദ്ധതി എന്ന നിലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതകണക്ഷൻ നല്കുന്നതിൽ മുൻഗണന നല്കി തുടങ്ങിയത് 1988 ൽ കേന്ദ്ര ഗവൺമെൻറിൻെറ കുടീർജ്യോതി പദ്ധതി മുതലാണ്.<br>1988 മുതൽ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി ഏകദേശം 6.22 ലക്ഷം ഗാർഹിക കണക്ഷനുകൾ നല്കിയിട്ടുണ്ട്.<br>20 യൂണിറ്റ് വരെ വൈദ്യുതിയാണ് സൗജന്യമായി നൽകുന്നത്. |
| (ബി) രാജീവ്ഗാന്ധി ഗ്രാമീൺ വിദ്യുത് കരൺ യോജന സംസ്ഥാനത്ത് എന്നു മുതലാണ് നടപ്പിലാക്കി തുടങ്ങിയത് ; ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ഇതിനകം എത്ര സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്ന് കൂടുതൽ സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എത്ര ? | (ബി) 2005 ലാണ് ഈ പദ്ധതി മലബാറിലെ 6 ജില്ലകൾക്കും, ഇടുക്കിക്കും അനുവദിച്ചത്. 2007 ൽ ഇടുക്കി പദ്ധതി തുടങ്ങി. ഇതിനകം ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് 48.44 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും കൂടുതൽ ധനസഹായം പ്രതീക്ഷിക്കുന്നുണ്ട്.<br>പദ്ധതി നടപ്പിലാക്കി കഴിഞ്ഞ ഇടുക്കി ജില്ലക്കുള്ള ബാക്കി തുകയായ 3.34 കോടി രൂപയും, പദ്ധതി നടപ്പിലാക്കി വരുന്ന 6 വടക്കൻ ജില്ലകൾക്കുള്ള ആദ്യ ഗഡു ലഭിച്ചതിനുശേഷമുള്ള ബാക്കി തുകയായ |

82.678 കോടി രൂപയും കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്നു. കൂടാതെ കേന്ദ്രത്തിൽ നിന്നും, പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി ലഭിച്ച കേരളത്തിലെ ബാക്കി 7 ജില്ലകൾക്കുവേണ്ടിയുള്ള 83.48 കോടി രൂപയും പ്രതീക്ഷിക്കുന്നു. ഇടുക്കി 2-ാം ഘട്ട പ്രവർത്തനങ്ങൾക്കായി 11.64 കോടി രൂപയുടെ പദ്ധതിയും അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 | 13.07.2011ൽ മറുപടിയ്ക്ക് |
|---|---|
| സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ | |
| ചോദ്യം | ഉത്തരം |
| ശ്രീമതി കെ.കെ. ലതിക<br>ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം.ഹംസ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ നേരിടുന്നതിന് സംസ്ഥാന വനിതാ കമ്മീഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ നേരിടുന്നതിന് വനിതാ കമ്മീഷൻ ബോധവത്കരണം നടത്തുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും എതിർകക്ഷികളെ വിളിച്ചുവരുത്തി വിശദീകരണം ചോദിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. കൂടാതെ ആവശ്യമായപക്ഷം ആവലാതിക്കാരായ സ്ത്രീകളെ വനിതാ കമ്മീഷന്റെ കീഴിലുള്ള ഷോർട്ട്സ്റ്റേ ഹോമിൽ താമസിപ്പിക്കാറുമുണ്ട്. |
| (ബി) ഇന്ത്യൻ ശിക്ഷാ നിയമത്തിന് (ഐ.പി.സി) കീഴിൽ ഇതുമായി ബന്ധപ്പെട്ടു വരുന്ന കുറ്റകൃത്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; അവയെ പ്രതിരോധിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ ഫലപ്രദമാണോ ; | (ബി) ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം സ്ത്രീകൾക്കെതിരെയുള്ള എല്ലാ കുറ്റകൃത്യങ്ങളും വനിതാ കമ്മീഷന്റെ പരിധിയിൽ വരുന്നവയാണ്. കുറ്റകൃത്യങ്ങൾ ഏതൊക്കെയെന്ന് അനുബന്ധത്തിൽ കാണിച്ചിട്ടുണ്ട്. ഇവയെ പ്രതിരോധിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ ഒരു പരിധിവരെ ഫലപ്രദമാണ്. |

| | | | |
|---|---|---|---|
| (സി) | സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ ? | (സി) | കേരള വനിതാ കമ്മീഷനിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഏറ്റവും കൂടുതൽ നടക്കുന്നത് തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

- 304(B) - Dowry Death
- 376 - Rape
- 312,313 - Causing Miscarriage
- 314- Death caused by Act done to cause miscarriage
- 315,316- Act to prevent child being born alive
- 354- Outrage modesty ( Assault or force to )
- 366- Kidnap/induce women to compel marriage
- 372,373- Selling, buying minor for prostitution
- 493,494,495,496 - Offences relating to marriage
- 497, 498 (Adultery)
- 498 A- Cruelty by Husband or relative
- 509- Act to insult modesty of woman

Section Officer

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 193 — 13/7/2011 ൽ മറുപടിയ്ക്ക്

## ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.ബി.സത്യൻ :<br>ശ്രീമതി.പി.അയിഷാ പോറ്റി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിലെന്താണെന്ന് വിശദമാക്കുമോ ; | (എ) ഭവനരഹിതരായ എല്ലാഗുണഭോക്താക്കൾക്കും വീട് നൽകുക, ഭൂരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും ഭൂമിയും വീടും നൽകുക എന്നീ ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഇ.എം.എസ് ഭവന പദ്ധതി നിർവ്വഹണം സംസ്ഥാനത്ത് പുരോഗമിച്ച് വരുന്നു. 2012 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി ആവിഷ്ക്കരിക്കുന്നതിന് മുമ്പായി നടന്ന പഠനങ്ങളെക്കുറിച്ച് വിശദമാക്കാമോ ; ആസൂത്രണ ബോർഡിന്റെ ടാസ്ക് ഫോഴ്സ് പഠനം നടത്തിയിട്ടുണ്ടായിരുന്നുവോ; പഠനത്തിന്റെ കണ്ടെത്തലുകൾ എന്തായിരുന്നു; പ്രസ്തുത പദ്ധതിയ്ക്കു രൂപം നൽകുമ്പോൾ സംസ്ഥാനത്തെ ഭവന രഹിതരായ കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നു; | (ബി) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതരുടെയും, ഭൂരഹിതരുടെയും, ഭൂരഹിത-ഭവന രഹിതരുടെയും അർഹത ഉദ്യോഗസ്ഥരുടെ സംഘങ്ങൾ പരിശോധന നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഈ ലിസ്റ്റ് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സൂപ്പർ ചെക്ക് ചെയ്ത ശേഷം ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭയുടെയും ജില്ലാ ആസൂത്രണസമിതിയുടെയും അംഗീകാരത്തോടെയാണ് അന്തിമ ലിസറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ 346187 ഭവന രഹിതരും 122001 ഭൂരഹിത-ഭവനരഹിതരും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഐ.എ.വൈ ഭവന പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന പദ്ധതികൾ, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ഭവന നിർമ്മാണം, മത്സ്യ വകുപ്പിന്റെ ഭവന പദ്ധതി എന്നിവ ഉൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടി നടപ്പാക്കുന്ന എല്ലാ ഭവന പദ്ധതികൾക്കും ഈ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.<br>ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണ ബോർഡിന്റെ ടാസ്ക് ഫോഴ്സ് പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാ |

ക്കുന്നതിനായി ഡോ. എ.അച്യുതൻ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവോ; എങ്കിൽ അവ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഭവനരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും വീട് നൽകുക, ഭൂരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും ഭൂമിയും വീടും നൽകുക എന്നീ ലക്ഷ്യത്തോടെയാണ് ഇ.എം.എസ് ഭവന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2012 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അർഹരായ ഗുണഭോക്താക്കളെ രണ്ട് രീതിയിൽ കണ്ടെത്തിയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് അടിസ്ഥാനമായ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരെയും ഭൂരഹിത- ഭവനരഹിതരെയും ഉൾപ്പെടുത്തുകയും ബി.പി.എൽ - ൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കളെ സർവ്വേയിലൂടെ കണ്ടെത്തിയുമാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതരുടെയും ഭൂരഹിത-ഭവന രഹിതരുടെയും അർഹത ഉദ്യോഗസ്ഥരുടെ സംഘങ്ങൾ പരിശോധന നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഈ ലിസ്റ്റ് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സൂപ്പർ ചെക്ക് ചെയ്ത ശേഷം ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഗുണഭോക്താക്കളെ ഏത് രീതിയിലുള്ള പ്രക്രിയയിലൂടെയാണ് തെരഞ്ഞെടുത്തിരുന്നത്;

(ഡി) അർഹരായ ഗുണഭോക്താക്കളെ രണ്ട് രീതിയിൽ കണ്ടെത്തിയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് അടിസ്ഥാനമാക്കിയ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരും ഭൂരഹിത-ഭവനരഹിതരും ആയവരുടെ അർഹത ഉദ്യോഗസ്ഥ സംഘങ്ങളെ ഉപയോഗിച്ച് പരിശോധിച്ച് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാതെപ്പോയ അർഹരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് അത് പരിശോധനയ്ക്ക് വിധേയമാക്കിയുമാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കിയതിനു ശേഷം നിർമ്മിക്കപ്പെട്ടതും നിർമ്മാണത്തിലിരിക്കുന്നതുമായ വീടുകളുടെ എണ്ണം വ്യക്തമാക്കാമോ; | (ഇ) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 76756 വീടുകൾ പൂർത്തീകരിക്കുകയും 135161 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്. |
| (എഫ്) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്ന് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്; അതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (എഫ്) | 2012 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഭൂരഹിത-ഭവനരഹിതർ വീട് നിർമ്മിക്കുന്നതിന് സ്ഥലം വിലയ്ക്ക് വാങ്ങിയാൽ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും 2011-12 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്നും സമഗ്ര ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും സ്ഥലം ലഭ്യമാക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ ഉറപ്പ് വരുത്തണമെന്നും 16/6/2011-ലെ 30244/ഡിബി1/11/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

നം. 20244/ഡി.ബി.1/2011/തസ്വഭവ

തിരുവനന്തപുരം, തീയതി: 06.06.2011

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുവാൻ സ്ഥലം ലഭ്യമാക്കുന്ന പദ്ധതി 2011-12 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(എം.എസ്) നം.287/2008/തസ്വഭവ; തീയതി 07.11.2008
2. സ.ഉ.(സാധാ)നം.571/2010/തസ്വഭവ; തീയതി 22.02.2010
3. സ.ഉ.(സാധാ)നം.987/2011/തസ്വഭവ; തീയതി 07.04.2011
4. സ.ഉ.(സാധാ)നം.988/2011/തസ്വഭവ; തീയതി 07.04.2011
5. ഗ്രാമവികസന കമ്മീഷണറുടെ 23.05.2011-ലെ 44836/ഇ.എ.ആർ.ഡി.1/08/ [illegible] നമ്പർ കത്ത്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂരഹിത-ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങി [illegible] വിലയ്ക്ക് വാങ്ങിയാൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ നിരക്കുകൾ ഗ്രാമപഞ്ചായത്തുകളെ ബന്ധപ്പെടുത്തിക്കൊണ്ടും ഐ.എ.വൈ. പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ചുകൊണ്ട് സൂചന 3, 4 എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 10,000 രൂപ നിരക്കിൽ നൽകുന്നതിനുവേണ്ടി ഐ.എ.വൈ.പദ്ധതിയിൽ നിന്നും ആകെ 6418.90 ലക്ഷം രൂപ 2009-10-ൽ കേന്ദ്ര-സംസ്ഥാന വിഹിതമായി 14 ജില്ലകൾക്കും ലഭ്യമാക്കുകയുണ്ടായി. എന്നാൽ സ്ഥലം ലഭ്യമാക്കുന്ന പരിപാടിയുടെ പുരോഗതി തൃപ്തികരമല്ലാത്തതിനാൽ കേന്ദ്ര-സംസ്ഥാന വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുവദിച്ച തുക യഥാസമയം വിനിയോഗിക്കുന്നില്ലെങ്കിൽ തുടർന്നുള്ള ഐ.എ.വൈ. പദ്ധതിയുടെ കേന്ദ്ര വിഹിതത്തിന്റെ രണ്ടാം ഗഡു ലഭിക്കാതെ വരും. ഈ സാഹചര്യത്തിൽ സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. ഭൂരഹിത-ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം വിലയ്ക്ക് വാങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും 2011-12 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. [illegible] കൂടി [illegible] അനുവദിക്കുന്നതിന് പല വിധത്തിലുള്ള പ്രയാസങ്ങൾ നേരിടുന്ന സാഹചര്യത്തിൽ [illegible] പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും [illegible] ശ്രദ്ധ [illegible]. നിലവിലുള്ള സമഗ്ര ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും സ്ഥലം ലഭ്യമാക്കുന്നുവെന്ന് ഗ്രാമപഞ്ചായത്തുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഐ.എ.വൈ. പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ച് സൂചന 2-ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 194 — 13.07.2011 -ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എം.പി.അബ്ദു സ്സമദ് സമദാനി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സാമൂഹ്യ വനവൽക്കരണ പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | (എ) സാമൂഹ്യ വനവൽക്കരണ പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ അതിജീവന ശതമാനം കണക്കാക്കി യിരിക്കുന്നത് അനുബന്ധം എ യായി സമർപ്പിക്കുന്നു. |
| (ബി) ഇതിനായി കഴിഞ്ഞ പത്തു വർഷമായി വിനിയോഗിച്ച ഫണ്ടിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ ; | (ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടത്തിയ തൈ ഉല്പാദനം തൈ നടീൽ എന്നിവയ്ക്കായി പദ്ധതിയിനത്തിൽ ചെലവായ തുകയുടെ കണക്കുകൾ താഴെ കൊടുക്കുന്നു. |

പദ്ധതിയിനത്തിലെ ചെലവുകൾ (ലക്ഷം)

| | |
|---|---|
| 2001-02 | 33.65 |
| 2002-03 | 46.83 |
| 2003-04 | 70.96 |
| 2004-05 | 63.79 |
| 2005-06 | 84.66 |
| 2006-07 | 158.98 |
| 2007-08 | 216.19 |
| 2008-09 | 564.14 |
| 2009-10 | 558.09 |
| 2010-11 | 629.59 |
| **ആകെ** | **2426.88** |

| | |
|---|---|
| (സി) ഏതൊക്കെ വൃക്ഷത്തൈകളാണ് ഈ പദ്ധതിപ്രകാരം വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; ഫല വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ടോ ; | (സി) സാമൂഹ്യ വനവൽക്കരണ പദ്ധതിപ്രകാരം ഫല വൃക്ഷതൈകളും വിതരണം ചെയ്തു വരുന്നുണ്ട്. തേക്ക്, മഹാഗണി, പ്ലാവ്, മാവ്, കശുമാവ്, ആഞ്ഞിലി, മരുത്, പൂമരുത്, വേങ്ങ, ബദാം, മഴമരം, കണിക്കൊന്ന, കൊന്ന, പുളി, കുടംപുളി, നെല്ലി, വേപ്പ്, കൂവളം |

മുതലായവയാണ് വിതരണം ചെയ്യുന്നത്. ഇവയിൽ മാവ്, പ്ലാവ്, കശുമാവ്, ആഞ്ഞിലി, പേര, നെല്ലി, ബദാം, പുളി, കുടംപുളി തുടങ്ങിയവ ഫലവൃക്ഷതൈകളാണ്.

(ഡി) സ്കൂൾ, കോളേജുകളിലെ ഫോറസ്റ്ററി ക്ലബ്ബുകൾക്ക് ഈ പദ്ധതി പ്രകാരം എന്തെങ്കിലും സഹായം നല്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഡി) ഫോറസ്റ്ററി ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നില്ല. എന്നാൽ സ്ക്കൂളുകളിലെയും കോളേജുകളിലെയും ഫോറസ്റ്ററി ക്ലബ്ബുകളിലെ തൈനടീലിന് ഭാഗഭാക്കാകുന്ന വിദ്യാർത്ഥികളും കൂടി ഉൾപ്പെടുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സൗജന്യ നിരക്കിൽ തൈ വിതരണം നടത്തുന്നുണ്ട്.

(ഇ) വൃക്ഷത്തൈകളുടെ വില്പനയിലൂടെ എന്തു തുക കഴിഞ്ഞ പത്തു വർഷമായി സമാഹരിച്ചിട്ടുണ്ട് ?

(ഇ) വൃക്ഷത്തൈകളുടെ വില്പനയിലൂടെ കഴിഞ്ഞ പത്തു വർഷമായി സമാഹരിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു:-

| | |
|---|---|
| തിരുവനന്തപുരം | 1022479 |
| കൊല്ലം | 171130 |
| പത്തനംതിട്ട | 875306 |
| ആലപ്പുഴ | 101025 |
| കോട്ടയം | 171946 |
| ഇടുക്കി | 864216 |
| എറണാകുളം | 231149 |
| തൃശൂർ | 1944674 |
| മലപ്പുറം | 244998 |
| പാലക്കാട് | 1521939 |
| കോഴിക്കോട് | 647167 |
| കണ്ണൂർ | 2901114 |
| വയനാട് | 594446 |
| കാസർകോഡ് | 87809 |
| **ആകെ** | **11379398** |

സെക്ഷൻ ഓഫീസർ

## അനുബന്ധം എ

| നമ്പർ. | പദ്ധതിയുടെ പേര് | | അതിജീവന ശതമാനം | | |
|---|---|---|---|---|---|
| | | 2007-08 | 2008-09 | 2009-10 | 2010-11 |
| 1. | എന്റെ മരം | 80% | 74% | 80% | 76.71% |
| 2. | നമ്മുടെ മരം | — | കണക്കാക്കിയിട്ടില്ല | 68% | 62.59% |
| 3. | ഹരിതകേരളം | | | 50% | 65.92% |
| 4. | ഹരിത തീരം | 80% | 78% | തൈകൾ നട്ടുപിടിപ്പിച്ചിട്ടില്ല | |
| 5. | വഴിയോരത്തണൽ | 19.46% | 87% | 90% | 88.58% |

Section Officer

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 195

13.7.2011 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി നടത്തിപ്പിലെ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് ;<br>ശ്രീ. എം.എ. ബേബി ;<br>ശ്രീ. എ. പ്രദീപ് കുമാർ ;<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) പ്രത്യേക സാമ്പത്തിക മേഖല (സെസ്സ്) നിയമവുമായി ബന്ധപ്പെട്ട് സ്മാർട്ട്സിറ്റി പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) ഇല്ല. |
| ബി) ടീകോം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ സർക്കാർ മുമ്പാകെ എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;<br><br>സി) ഈ ആവശ്യങ്ങളോട് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) ആന്റ് (സി)<br><br>മുൻ സർക്കാരുമായി ഒപ്പിട്ട കരാറുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സ്മാർട്ട്സിറ്റിയോട് ചേർന്ന് കിടക്കുന്ന കിൻഫ്രയുടെ നാലേക്കർ സ്ഥലം കൂടി വിലയ്ക്ക് നൽകണമെന്ന് 23.6.2011 ൽ കൂടിയ യോഗത്തിൽവെച്ച് സ്മാർട്ട്സിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) സ്മാർട്ട്സിറ്റി പദ്ധതി കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിലേക്ക് എന്തെല്ലാം ശുപാർശകൾ നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ? | ഒന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*196

13.07.2011-ൽ മറുപടിയ്ക്ക്.

## പഞ്ചായത്ത് സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് കാര്യക്ഷമമാക്കാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ:<br>ശ്രീ.സി.മോയിൻകുട്ടി:<br>ശ്രീ.കെ.എം.ഷാജി:<br>ശ്രീ.പി.കെ.ബഷീർ: | ശ്രീ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്ത് സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സംബന്ധിച്ച കാര്യങ്ങളിൽ വീഴ്ചകളുണ്ടാകാതിരിക്കാൻ പുതുതായി നിർദ്ദേശങ്ങളെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ; | (എ) പഞ്ചായത്ത് സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സംബന്ധിച്ച കാര്യങ്ങളിൽ വീഴ്ചകളുണ്ടാകാതിരിക്കാൻ സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 1.08.2009-ലെ ജി.ഒ (എം.എസ്) 150/2009/തസ്വഭവ നമ്പർ ഉത്തരവിലൂടെ പഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ച അക്കൗണ്ടന്റുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>തുടർന്ന് വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംബന്ധിച്ച് നിരവധി ക്രമക്കേടുകൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യക്ഷപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യങ്ങൾ പരിശോധിക്കണമെന്ന് നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെകൂടി അടിസ്ഥാനത്തിൽ 19.10.2009-ലെ |

32363/എസി3/2009/തസ്വഭവ, 4.06.2011-ലെ 21384/എസി3/2011/ തസ്വഭവ നമ്പർ സർക്കുലറുകൾ മുഖേന തദ്ദേശ സ്ഥാപനങ്ങളിലെ കണക്കുകളിലെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ച് സർക്കാർ പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 23.12.2010-ലെ ജി.ഒ (എം.എസ്) 308/2010/തസ്വഭവ നമ്പർ ഉത്തരവ് മുഖേന സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും ഡബിൾ എൻട്രി രീതിയിലുള്ള അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കാൻ വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ രൂപകൽപ്പന ചെയ്ത " സാംഖ്യ" , "സുലേഖ" എന്നീ സോഫ്റ്റ് വെയറുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കണമെന്ന് നിർബന്ധമാക്കി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി) അക്കൗണ്ടിംഗിന്റെ കാര്യത്തിൽ എന്തെല്ലാം അപാകതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) താഴെപ്പറയുന്ന അപാകതകളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

1. റെക്കൺസിലിയേഷൻ സമയബന്ധിതമായി നടത്താതിരിക്കുക.
2. ബന്ധപ്പെട്ട അടിസ്ഥാനരേഖകൾ കുറ്റമറ്റരീതിയിൽ സൂക്ഷിക്കാതിരിക്കുക.
3. ദിനംപ്രതി ക്യാഷ്ബുക്കുകൾ ക്ലോസ് ചെയ്യാത്തത് .
4. ഒന്നിൽ കൂടുതൽ ക്യാഷ് ബുക്കുകളുടെ സൂക്ഷിപ്പ്.

5. ഫണ്ടുകൾ വകമാറ്റി ചെലവഴിക്കൽ
6. ബജറ്റിനനുസരിച്ച് ചെലവ് ചെയ്യാതിരിക്കൽ.
7. വർഷാന്ത്യ കണക്കുകളുടെ (AFS) ശരിയല്ലാത്ത സൂക്ഷിപ്പ്.
8. വർഷാന്ത്യ കണക്കുകളുടെ യഥാസമയമുള്ള ഓഡിറ്റിന്റെയും പരിശോധനയുടെയും കാലതാമസം.

| | | | |
|---|---|---|---|
| (സി) | പഞ്ചായത്ത് സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ഭരണപരമായ കാര്യങ്ങൾ, അക്കൗണ്ടിംഗ് പബ്ലിക് റിലേഷൻ എന്നിവയെക്കുറിച്ചെല്ലാം അറിവുലഭിക്കുന്നതിനായി ട്രെയിനിംഗ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; | (സി) | നൽകിയിട്ടുണ്ട്. |
| (ഡി) | അക്കൗണ്ടുകളുടെ പരിശോധനയ്ക്കുള്ള സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ പരിശോധന ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറാണ് നിർവ്വഹിക്കുന്നത്. 2008-09 മുതൽ അക്കൗണ്ടുകൾ പരിശോധിക്കുന്നതോ-ടൊപ്പം അക്കൗണ്ടിനെ സംബന്ധിച്ച ആഡിറ്റ് സർട്ടിഫിക്കറ്റും നല്കുന്നുണ്ട്. ആഡിറ്റ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാണിക്കുന്ന കുറവുകൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകൾ നടപടി എടുക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറലിൻെറ ഓഡിറ്റ് എന്നിവയും നടക്കുന്നുണ്ട്. ടി ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ |

തുടർ നടപടികൾ സ്വീകരിക്കുന്നതിലൂടെ അക്കൗണ്ടുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 197

13/07/2011-ൽ മറുപടിക്ക്

## ആശ്രയ പദ്ധതി

### ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):
ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. കെ. ദാസൻ:

(എ) ആലംബഹീനരായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ആശ്രയ പദ്ധതി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിച്ചിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പഞ്ചായത്തുകളിൽ അവർക്ക് വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കപ്പെട്ടിട്ടുണ്ടോ;

### ഉത്തരം

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ആശ്രയ അഗതി പുനരധിവാസ പദ്ധതി നിലവിൽ 925 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ആശ്രയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി പട്ടികവർഗ്ഗ സ്പെഷ്യൽ ആശ്രയ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 19 ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച പ്രോജക്ടുകൾക്ക് സർക്കാർ അംഗീകാരം നൽകുകയും 12.61 കോടി രൂപ പദ്ധതി അടങ്കൽ വരുന്ന പ്രോജക്ടുകൾക്ക് 2.82 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ കുടുംബശ്രീയിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടുകളിലൂടെ 1096 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ പ്രാതിനിധ്യം കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ട്രൈബൽ ആശ്രയ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളും കുടുംബശ്രീയും നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികളുടെ ഏകോപനം ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നത്; | (സി) | ആശ്രയ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ വിലയിരുത്തൽ സമിതിയുടെ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കും ഉപസമിതിയുടെയും അദ്ധ്യക്ഷൻ. കൂടാതെ ജില്ലാ ആസൂത്രണ സമിതിയുടെ കീഴിൽ ഡി.പി.സി. ചെയർപേഴ്സണും ജില്ലാ കളക്ടർ കൺവീനറുമായ ഒരു വിദഗ്ദ്ധ സമിതി രുപീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതി വിലയിരുത്തുന്നുമുണ്ട്. ആശ്രയ പദ്ധതിയുടെ ഏകോപനം പ്രധാനമായും തദ്ദേശഭരണസ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കുന്നത്. |
| (ഡി) | സഹായം വർദ്ധിപ്പിച്ചുകൊണ്ട് പദ്ധതി കൂടുതൽ ഫലപ്രദവും വിപുലവും ആക്കാൻ തയ്യാറാകുമോ? | (ഡി) | ആശ്രയ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി കൂടുതൽ ഫലപ്രദവും വിപുലവും ആക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സംസ്ഥാനത്ത് നിലവിൽ 892 ഗ്രാമപഞ്ചായത്തുകളിലും 33 നഗര സഭകളിലുമായി ആകെ 925 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ആകെ 72757 ഗുണഭോക്താക്കളെ പദ്ധതി മുഖാന്തിരം കണ്ടെത്തി പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആകെ 413.50കോടി രൂപ പദ്ധതി അടങ്കൽ വരുന്ന പദ്ധതികൾക്ക് 89.78 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ കുടുംബശ്രീയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സമൂഹത്തിലെ നിരാലംബരായ അഗതികൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ അതിജീവനാവശ്യങ്ങളും, ഭൂമി, കിടപ്പാടം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളും തൊഴിൽ പരിശീലനം, വ്യക്തിത്വ വികാസം തുടങ്ങിയ വികസന. ആവശ്യങ്ങളും സമൂഹവുമായി അടുത്തിടപഴകുന്നതിന് സഹായിക്കുന്ന കൗൺസിലിംഗ് തുടങ്ങിയവയും ഉൾപ്പെടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി നൽകുന്ന പദ്ധതിയാണ് ആശ്രയ.

28-3-2002-ലെ ജി.ഒ. (എം.എസ്) നം. 45/2003/പ്ലാനിംഗ് പ്രകാരമാണ് 2002-03 വാർഷിക പദ്ധതിയിൽ ആശ്രയ പ്രോജക്ടുകൾ ഉൾപ്പെടുത്തി നടപ്പാക്കി തുടങ്ങിയത്. നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം 9 -ൽ 7 ക്ലേശ ഘടകങ്ങൾക്കു പുറമെ, അധിക ക്ലേശ ഘടകങ്ങളിൽ (8) ഒന്നുകൂടി ബാധകമായവരെ അഗതി വിഭാഗത്തിൽ പരിഗണിക്കാം. ഓരോ പ്രദേശത്തെയും അയൽക്കൂട്ടങ്ങളാണ് തങ്ങളുടെ ചുറ്റുമുള്ള അഗതി കുടുംബങ്ങളെ കണ്ടെത്തുന്നത്. ഇതനുസരിച്ച് അഗതി കുടുംബങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടു കൂടി പദ്ധതി രൂപരേഖ തയ്യാറാക്കുന്നു. ഓരോ കുടുംബത്തിനും വ്യത്യസ്തമായ കെയർ പാക്കേജുകളായിരിക്കും ആവശ്യാനുസരണം നൽകുന്നത്. മൂന്നു വർഷത്തേയ്ക്ക് ആവശ്യമായ പാക്കേജാണ് ഇതിനായി തയ്യാറാക്കുന്നത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സ്പോൺസർഷിപ്പ്, ഇതര സംസ്ഥാന സർക്കാർ വകുപ്പുകൾ എന്നിവയിലൂടെ ആവശ്യമായ ഫണ്ട് കണ്ടെത്തുന്നു. ആകെ അടങ്കൽ

തുകയുടെ 40% ത്തിന് വിധേയമായി 15 ലക്ഷം രൂപ ചലഞ്ച് ഫണ്ടായി കുടുംബശ്രീ നല്കുന്നു. അഗതി പുനരധിവാസ പദ്ധതിയുടെ നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച മോണിറ്ററിംഗ് നടത്തുന്നത് വിലയിരുത്തൽ സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉപസമിതിയാണ്.

2002-03 സാമ്പത്തിക വർഷം മുതൽ ആശ്രയ പദ്ധതി ആരംഭിച്ചു തുടങ്ങി എങ്കിലും 2009 ൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെ ഉപയോഗിച്ച് നടത്തിയ സംസ്ഥാന വ്യാപകമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രയ പദ്ധതിയിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ശതമാനം താരതമ്യേന കുറവാണെന്ന് കണ്ടെത്താൻ സാധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വിഭാഗക്കാർക്കുവേണ്ടി പ്രത്യേക പട്ടികവർഗ്ഗ സ്പെഷ്യൽ ആശ്രയ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 19 ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച പ്രോജക്ടുകൾക്ക് സർക്കാർ അംഗീകാരം നൽകുകയും 12.61 കോടി രൂപ പദ്ധതി അടങ്കൽ വരുന്ന പ്രോജക്ടുകൾ 2.82 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ കുടുംബശ്രീയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകളിലൂടെ 1096 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും പട്ടികവർഗ്ഗ പ്രാതിനിധ്യം കൂടുതലുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളും കുടുംബശ്രീയും നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്രയപദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ മുഖാന്തരമാണ് നടപ്പാക്കി വരുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ആശ്രയപദ്ധതികൾക്ക് ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെയും, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെയും സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ധനസഹായം ലഭിക്കാറുണ്ട്. കൂടാതെ സ്പോൺസർഷിപ്പ് മുഖേനയും ധനസഹായം ലഭ്യമാകാറുണ്ട്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **13-07-2011 ന് മറുപടിക്ക്**

**വനഭൂമി വനേതര ആവശ്യങ്ങൾക്ക് നൽകുന്നതിന് മാനദണ്ഡങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ:<br>" വി. ശശി:<br>" ചിറ്റയം ഗോപകുമാർ:<br>" കെ. രാജു: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി വനേതര ആവശ്യങ്ങൾക്ക് നൽകാറുണ്ടോ; എങ്കിൽ ഇത്തരം കൈമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. 1980- ലെ കേന്ദ്ര വന (സംരക്ഷണം) നിയമപ്രകാരം ഇത്തരം കൈമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്:-<br>1. അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും മറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയും വനഭൂമി ലഭിക്കുവാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കണം. അപേക്ഷകർ ഗവൺമെന്റ് ഏജൻസി ആയിരിക്കണം.<br>2. ഒരു ഹെക്ടറിനു മുകളിൽ വന ഭൂമി വിട്ടുനൽകുന്നതിന് പരിഹാര വനവൽക്കരണത്തിനുള്ള തുല്യമായ ഭൂമി വനം വകുപ്പിന് കൈമാറണം.<br>3. വനേതര ആവശ്യത്തിന് അനുവദിക്കുന്ന വനഭൂമിക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നെറ്റ് പ്രസന്റ് വാല്യു (NPV) അടയ്ക്കേണ്ടതാണ്.<br>4. ടി വനഭൂമിയിൽ നിന്നും മരം മുറിക്കേണ്ടി വരികയാണെങ്കിൽ അവയുടെ സീനിയറേജ് വില |

സർക്കാരിലേക്ക് ഒടുക്കണം.

5. പരിഹാര വനവൽക്കരണത്തിന് ഭൂമി നൽകുന്നതോടൊപ്പം തന്നെ പകരവനവൽക്കരണത്തിനുള്ള തുകയും കാംപാ (CAMPA) അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.
6. ഒരു ഹെക്ടറിനു താഴെ വരുന്ന വനഭൂമിയാണെങ്കിൽ 11 ഇനം വികസനപ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന് തന്നെ അനുമതി നൽകാം. ഇതിനുള്ള പൊതു അനുമതി സംസ്ഥാന സർക്കാരുകൾക്ക് 2013 വരെ നൽകിക്കൊണ്ടുള്ള ഉത്തരവ് കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ ഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കേണ്ടി വരികയാണെങ്കിൽ പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള തുക യൂസർ ഏജൻസി നൽകണം.
7. വൻകിട വികസന പദ്ധതി കൾക്ക് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അനിവാര്യമാണ് (ഉദാ.25 മെഗാ. വാട്ടിൽ കൂടുതൽ ഉള്ള ജലവൈദ്യുത പദ്ധതി, 100 കോടിയിൽ കൂടുതൽ ചെലവ് വരുന്ന പ്രോജക്ടുകൾ തുടങ്ങിയവ).
8. വന്യജീവി സങ്കേതങ്ങളിലെ വനഭൂമിയിൽ വനേതര വികസന പ്രവർത്തനങ്ങൾ അനുവദിക്കു ന്നതിന് സംസ്ഥാന വന്യജീ ബോർഡിന്റേയും ദേശീയ വന്യജീവി ബോർഡിന്റേയും അംഗീകാരം ആവശ്യമാണ്. അതോടൊപ്പം സുപ്രീംകോടതി അംഗീകാരവും യൂസർ ഏജൻസി നേടേണ്ടതുണ്ട്.
9. വന്യജീവി സങ്കേതത്തിലോ നാഷണൽ പാർക്കിലോ ഉൾപ്പെട്ട വനഭൂമിക്ക് യഥാക്രമം

അഞ്ചിരട്ടിയും പത്തിരട്ടിയും വീതമുള്ള നെറ്റ് പ്രസന്റ് വാല്യൂ ഈടാക്കുന്നതാണ്.

10. ടൈഗർ റിസർവ്വിൽ ഉൾപ്പെട്ട വന ഭൂമിയിലെ വികസനപ്രവർത്തനങ്ങൾക്ക് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ അംഗീകാരം അനിവാര്യമാണ്.
11. വന്യജീവി സങ്കേതങ്ങളുടെയും, നാഷണൽ പാർക്കിന്റെയും 10 കിലോമീറ്റർ ചുറ്റളവിൽ വരുന്ന ഭൂമിയിലെ വികസനപ്രവർത്തനങ്ങൾക്ക് ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമാണ്.

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിലുള്ള ഭൂമി കൈമാറ്റത്തിനു വേണ്ടിയുള്ള എത്ര നിർദ്ദേശങ്ങൾ സർക്കാരിന്റെ കൈവശമുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇത്തരം ഭൂമി കൈമാറ്റത്തിനുവേണ്ടിയുള്ള 72 നിർദ്ദേശങ്ങൾ സർക്കാരിന്റെ കൈവശമുണ്ട്. |
| (സി) | വന ഭൂമി വിനോദസഞ്ചാര മേഖലയാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; | (സി) | വനഭൂമി വിനോദ സഞ്ചാര മേഖലയാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ യാതൊന്നും നിലവിലില്ല. |
| (ഡി) | പ്രകൃതി സന്തുലിതാവസ്ഥയും ആവാസ വ്യവസ്ഥയും കോട്ടം വരാതെ കൂടുതൽ വനമേഖലകൾ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 199

13/07/2011-ൽ മറുപടിക്ക്

## കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ലീസ് ലാന്റ് ഫാമിംഗ് പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ:<br>ശ്രീ. കെ. വി. വിജയദാസ്:<br>ശ്രീ. റ്റി. വി. രാജേഷ്:<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കാർഷികമേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ലീസ് ലാന്റ് ഫാമിംഗ് പരിപാടി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ലീസ് ലാന്റ് ഫാമിംഗ് എന്നതിനുപരിയായി സംഘ കൃഷി എന്ന പേരിൽ കൂട്ടുത്തരവാദിത്വ സംഘങ്ങൾ (ജെ.എൽ.ജി ഗ്രൂപ്പുകൾ) രൂപീകരിച്ച് കൃഷി പരിപോഷിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നാഷണൽ റൂറൽ ലൈവ്‌ലി ഹുഡ് മിഷ (എൻ.ആർ.എൽ.എം) ന്റെ കീഴിൽ വരുന്ന മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) യുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിപാടിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തൽ സമിതി അവലോകനം നടത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | **തരിശായിക്കിടക്കുന്ന ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിന് കുടുംബശ്രീ വഴി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?** | (സി) | തരിശ്ശായി കിടക്കുന്ന സ്ഥലം ഏറ്റെടുത്ത് കൃഷിചെയ്യുന്നതിന് സംഘകൃഷി ഗ്രൂപ്പുകൾക്ക് വിസ്തൃതിയ്ക്കനുസരിച്ച് ഏരിയ ഇൻസെന്റീവും ഉല്പാദനത്തി നനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവും നൽകി വരുന്നുണ്ട്. കൂടാതെ വിസ്തൃതി - ഉല്പാദനബോണസ് നൽകുന്നതോടൊപ്പം പലിശ സബ്സിഡി സ്കീം വഴി ബാങ്ക് വായ്പയും ലഭ്യമാക്കുന്നു. ഇതു കൂടാതെ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന മുഖാന്തിരം യന്ത്രവത്ക്കരണം, ഉത്തമ കൃഷി രീതികളി ലുള്ള പരിശീലനം, എൻ.ആർ.ഇ.ജി.എസ് പോലുള്ള തൊഴിലുറപ്പുപദ്ധതികളുമായുള്ള സംയോജനം എന്നിവ നൽകുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 200 — 13.07.2011 ൽ മറുപടിയ്ക്ക്

ചീമേനി താപവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. പ്രകൃതിവാതകം ഇന്ധനമായുള്ള ചീമേനി താപവൈദ്യുത പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കാമോ ; | എ. ഇല്ല |
| ബി. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും വൈദ്യുതി ബോർഡും സംയുക്തമായി തയ്യാറാക്കിയ 1200 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള താപ വൈദ്യുത പദ്ധതിക്കാവശ്യമായ പ്രകൃതിവാതകം എവിടെ നിന്ന് ലഭ്യമാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ; | ബി. കൊച്ചി എൽ .എൻ. ജി. ടെർമിനൽ വഴി ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകവും കേന്ദ്ര ഗവൺമെന്റിൽ നിന്ന് സംസ്ഥാനത്തിന് കിട്ടുന്ന വാതകവും ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് |
| സി. വാതകാധിഷ്ഠിത താപനിലയം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ചീമേനിയിൽ ലഭ്യമാക്കാനുള്ള നടപടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | സി. നടപടിക്രമങ്ങൾ പുരോഗമിക്കുന്നു |
| ഡി. കേന്ദ്രത്തിൽ നിന്നും പ്രകൃതിവാതകം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ഡി. ഉണ്ട് |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T * 201. 13.07.2011-ൽ മറുപടിക്ക്.

### കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. ബി. ഡി. ദേവസ്സി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര വിഹിതം ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 06.06.2011ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ ചെന്നൈ മെട്രോ റെയിൽ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തത്തോടുകൂടി കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിയ്ക്കുകയും അതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിയ്ക്കുന്നതിന് 18.6.2011-ലെ ജി.ഒ.(എം.എസ്) 32/2011/ട്രാൻ. നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്.<br>05.01.2011-ലെ 1481/ഡി3/2009/ട്രാൻ. നമ്പർ കത്ത് മുഖേന 2009-ലെ കണക്കനുസരിച്ച് കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും 15% വീതം ഓഹരി പങ്കാളിത്തത്തോടെ 4427 കോടി രൂപ ചെലവിൽ പദ്ധതിക്ക് അംഗീകാരം നല്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പദ്ധതി നിർദ്ദേശത്തിന്മേൽ കേന്ദ്രധനമന്ത്രാലയവും ആസൂത്രണ കമ്മീഷനും | (ബി) | പതിനൊന്നാമത്തേയോ, പന്ത്രണ്ടാമത്തേയോ പ്ലാനിൽ, പദ്ധതി ചെലവിന്റെ 20% ഗ്രാന്റായി കേന്ദ്ര ഗവൺമെന്റ് നല്കുകയും, JBIC പോലുള്ള അന്താരാഷ്ട്ര |

| | | | |
|---|---|---|---|
| | ഏതെങ്കിലും നിലയിൽ തടസ്സം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | | ഏജൻസികളിൽ നിന്നും കടമെടുത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതി ഒരു സംസ്ഥാന സർക്കാർ പദ്ധതിയായി നടപ്പിലാക്കണമെന്നാണ് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. പദ്ധതിയുടെ സിവിൽ പണികൾ കേന്ദ്രത്തിന്റെ 20% ഗ്രാന്റോടുകൂടി സംസ്ഥാന സർക്കാരിന്റെ ഒരു SPV മുഖേന നടപ്പിലാക്കണമെന്നും, കേന്ദ്ര സർക്കാർ SPV - ൽ ഓഹരിയെടുക്കരുതെന്നും, കേന്ദ്രത്തിന്റെ VGF സഹായത്തോടെ റോളിംഗ് സ്റ്റോക്കിനുള്ള തുക PPP അടിസ്ഥാനത്തിൽ കണ്ടെത്തണമെന്നുമാണ് കേന്ദ്ര സർക്കാരിന്റെ അഭിപ്രായം. |
| (സി) | പദ്ധതിക്ക് ആവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത് ; | (സി) | പദ്ധതിക്ക് ആവശ്യമായ 4427 കോടി രൂപയുടെ 15 ശതമാനം വീതം കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തമായും, 5% സംസ്ഥാന സർക്കാർ നല്കുന്ന ഭൂമിയായും 11% കേന്ദ്ര നികുതികൾക്കുള്ള പലിശരഹിത സബോർഡിനേറ്റ് കടമായും 51% JICA ലോണായും 3% സംസ്ഥാന നികുതികളൊഴിവാകുന്നതിലൂടെയും കണ്ടെത്തുന്ന രീതിയിലുള്ള ഫണ്ടിംഗ് പാറ്റേണാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | സർക്കാർ ഇതിനകം പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെയും അന്തിമമായ തീരുമാനങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ഡി) | കൊച്ചി മെട്രോ റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനായി 06.06.2011ൽ ബഹു: കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുടേയും, മറ്റും സാന്നിദ്ധ്യത്തിൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ ചെന്നൈ മെട്രോ റെയിൽ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിയ്ക്കുകയും അതിനായി കൊച്ചി മെട്രോ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിയ്ക്കുന്നതിന് 18.6.2011-ലെ ജി.ഒ.(എം.എസ്) 32/2011/ട്രാൻ. നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുടെ സാക്ഷാത്കാരത്തിനായി മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ നേരിൽക്കണ്ട് സംസാരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപ മുൻ സർക്കാർ അനുവദിച്ചിട്ടുണ്ട് ? | (ഇ) | ഈ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 19.3.2010-ലെ ജി.ഒ. (എം.എസ്) 34/2010/ട്രാൻ. നമ്പർ ഉത്തരവിൽ സംസ്ഥാന സർക്കാർ 158.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 202 — 13-07-2011-ൽ മറുപടിക്ക്

## ഫ്ലാറ്റ് നിർമ്മാണ രംഗത്തെ തട്ടിപ്പുകൾ തടയാൻ നിയമ ഭേദഗതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ.സണ്ണിജോസഫ്<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) ഫ്ലാറ്റ് നിർമ്മാണ രംഗത്തെ തട്ടിപ്പുകൾ തടയാൻ പുതിയ നിയമഭേദഗതികൾ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഭവന നിർമ്മാണ വകുപ്പിൽ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കുന്നതിനായി ചില നിബന്ധനകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ റിയൽ എസ്റ്റേറ്റ്, ഫ്ലാറ്റ് നിർമ്മാണ വിപണന രംഗം ഇവയുമായി ബന്ധപ്പെട്ട് ചില മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203 | 13.07.2011-ൽ മറുപടിയ്ക്ക് |

ബലാത്സംഗത്തിനിരയായവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | ബലാത്സംഗത്തിനിരയായവരുടെ പ്രശ്നങ്ങളും അവരുടെ ജീവിതാവസ്ഥയും സംബന്ധിച്ച് സംസ്ഥാന വനിതാകമ്മീഷൻ ഗവേഷണ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിലെ പ്രമുഖ നിഗമനങ്ങളും ശുപാർശകളും വെളിപ്പെടുത്തുമോ ; | (എ) | കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലായി വനിതാ കമ്മീഷൻ ഒരു പഠനം നടത്തിയിട്ടുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകളും കമ്മീഷന്റെ ശുപാർശകളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ബലാത്സംഗത്തിനിരയായവർക്ക് ഏതെല്ലാം നിലയിലുള്ള പ്രത്യേക സംരക്ഷണങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ; | (ബി) | ബലാത്സംഗത്തിനിരയായ സ്ത്രീകൾക്ക് തുടർനടപടികൾക്കുള്ള നിയമോപദേശം കേരള വനിതാ കമ്മീഷൻ മുഖേന നൽകി വരുന്നു. കൂടാതെ ആവശ്യമുള്ളവർക്ക് വനിതാ കമ്മീഷന്റെ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കുന്നതിനുള്ള സൗകര്യവും കേസ് നടത്തുന്നതിനുള്ള സഹായവും നൽകുന്നുണ്ട്. |
| (സി) | വനിതാ കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന സ്ത്രീകളുടെ പരാതികളിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കാൻ കമ്മീഷനു കഴിയുന്നുണ്ടോ ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

ബലാത്സംഗത്തിനിരയായവരുടെ പ്രശ്നങ്ങളും അവരുടെ ജീവിതാവസ്ഥയും സംബന്ധിച്ച് സംസ്ഥാന വനിതാകമ്മീഷൻ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

- ബുദ്ധിമാന്ദ്യം, ബധിരത, മറ്റ് അംഗവൈകല്യങ്ങൾ എന്നിവ ഉള്ളവരടക്കം ഏതു പ്രായത്തിൽപ്പെട്ട സ്ത്രീകളും ബലാൽസംഗത്തിനിരയാകുന്നുണ്ട്.
- അടുത്ത ബന്ധുക്കളും കാമുകൻമാരും മറ്റുമാണ് പലപ്പോഴും ഇത്തരം കേസുകളിലെ പ്രതികൾ.
- സ്വന്തം വീട്, പരിചിതരുടെ വീട്, ബന്ധുവീട്, ലോഡ്ജ് എന്നിവിടങ്ങളിലാണ് ഇത്തരക്കാർ സ്ത്രീകളെ വശീകരിച്ച് വഞ്ചിക്കുന്നത്.
- ബലാത്സംഗത്തിനിരയാകുന്നവരുടെ വിവാഹജീവിതമുൾപ്പെടെയുള്ള മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുകയും ഭാവി ഇരുളടയുകയും ചെയ്യുന്നു.
- ബലാത്സംഗത്തിന്റെ ഭയപ്പെടുത്തുന്ന ഓർമ്മകൾ മാഞ്ഞു തുടങ്ങുമ്പോഴായിരിക്കും കേസ് വിചാരണ ആരംഭിക്കുന്നത്. ഇതു വളരെ ദുഃസ്സഹമാണ്.
- അനുഭാവപൂർണ്ണമായ സമീപനമോ പിന്തുണയോ പലപ്പോഴും ഇവർക്ക് ബന്ധുക്കളിൽ നിന്നോ സുഹൃത്തുകളിൽ നിന്നോ ലഭിക്കുന്നില്ല.
- സംഘർഷ ലഘൂകരണത്തിനും മാനസികാരോഗ്യത്തിനും പ്രത്യേക കൗൺസിലിംഗ് സൗകര്യം ലഭിക്കുന്നില്ല.

ഇതു സംബന്ധിച്ച വനിതാ കമ്മീഷന്റെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. ബലാൽസംഗ കേസ് സംബന്ധിച്ച നിയമ നടപടികളിൽ കാലതാമസം കൂടാതെ തീർപ്പുണ്ടാക്കുന്നതിന് നിയമപരിഷ്കാരം ആവശ്യമാണ്. എല്ലാ ബലാൽസംഗ കേസുകളും സ്പെഷ്യൽ കോടതി രൂപീകരിച്ച് വിചാരണ സമയബന്ധിതമായി തീർക്കണം.
2. ബലാൽസംഗത്തിനിരയാകുന്നവർക്കു വേണ്ടി സ്പെഷ്യൽ കൗൺസിലിംഗ് ലഭ്യമാക്കണം.
3. ഇവരുടെ കേസുകൾ വാദിക്കുന്നതിന് പ്രഗത്ഭ അഭിഭാഷകരുടെ സേവനം ലഭ്യമാക്കണം. കക്ഷി ആവശ്യപ്പെടുന്ന അഭിഭാഷകനെ തന്നെ കഴിവതും സ്പെഷ്യൽ പ്രോസിക്യൂട്ടറായി വയ്ക്കാൻ അവസരമുണ്ടായിരിക്കണം.
4. ഇവരുടെ (ആവശ്യമെങ്കിൽ കുടുംബത്തിന്റേത് ഉൾപ്പടെ) പുനരധിവാസം സർക്കാർ ഏറ്റെടുക്കുകയും തദ്ദേശഭരണസ്ഥാപനം വഴി വീടും മറ്റു പുനരധിവാസ സഹായങ്ങളും ( സ്വയം തൊഴിൽ) നൽകണം.
5. സമാശ്വാസ ഫണ്ട് രൂപീകരിക്കണം.
6. സ്പെഷ്യൽ കൗൺസലിംഗ് ആന്റ് മെഡിക്കോ ലീഗൽ സർവ്വീസ് സെൽ ആരംഭിച്ച് ബലാത്സംഗത്തിനിരയാകുന്നവർക്ക് പ്രത്യേക സേവനം ലഭ്യമാക്കണം. ഡോക്ടർ, അഡ്വക്കേറ്റ്, പോലീസ് ഉദ്യോഗസ്ഥൻ, സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ ഇവർ സേവനസംഘത്തിലുണ്ടാവണം.

(signature)

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.204. 13.07.2011-ൽ മറുപടിക്ക്.

### റെയിൽവേ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി. എ. മാധവൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വി. റ്റി. ബൽറാം : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രധാന പദ്ധതികളാണ് സ്ഥലമെടുപ്പ് വൈകുന്നതുമൂലം നടപ്പിലാക്കാൻ സാധിക്കാത്തത് എന്ന് അറിയിക്കുമോ ; | (എ) | അങ്കമാലി-ശബരി റെയിൽവേ ലൈൻ, ഗുരുവായൂർ-തിരുനാവായ റയിൽവേ ലൈൻ, റെയിൽവേപ്പാത ഇരട്ടിപ്പിക്കൽ (കോട്ടയം വഴിയും, ആലപ്പുഴ വഴിയും) എന്നീ പദ്ധതികളാണ് സ്ഥലമെടുപ്പ് വൈകുന്നത് മൂലം നടപ്പിലാക്കാൻ വൈകുന്നത്.<br>അങ്കമാലി-ശബരി റെയിൽവെ ലൈനിന് കോട്ടയം ഇടുക്കി ജില്ലകളിൽ തദ്ദേശവാസികളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ഉണ്ടായ ശക്തമായ എതിർപ്പിനെ തുടർന്ന് സ്ഥലമെടുപ്പ് നടപടികൾ താൽക്കാലികമായി നിർത്തി വെച്ചിരിക്കുകയാണ്. ഗുരുവായൂർ തിരുനാവായ അലൈൻമെന്റിന്റെ സർവ്വെ നടപടികൾ കാലവർഷം മൂലം കോൾ നിലങ്ങളിൽ വെള്ളം നിറഞ്ഞു നിൽക്കുന്നത് മൂലം താൽക്കാലികമായി നിർത്തി വെച്ചിരിക്കുകയാണ്. |
| (ബി) | പാലക്കാട് കോച്ച് ഫാക്ടറിക്കും ചേർത്തലയിലെ ബോഗി നിർമ്മാണ യൂണിറ്റിനും ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ ; | (ബി) | പാലക്കാട് കോച്ച് ഫാക്ടറി പദ്ധതി ഏത് രീതിയിൽ നടപ്പിലാക്കണമെന്ന കേന്ദ്ര തീരുമാനം ആയാലുടൻ ഫാക്ടറിക്കായി ആവശ്യമുള്ള 430.59 ഏക്കർ ഭൂമിയിൽ 429.27 ഏക്കർ കേന്ദ്രസർക്കാരിനു കൈമാറുവാൻ തയ്യാറായിട്ടുണ്ട്.<br>ചേർത്തലയിലെ ബോഗി നിർമ്മാണ യൂണിറ്റിന് ആട്ടോകാസ്റ്റിന്റേയും, സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റേയും അധീനതയിലുള്ള സ്ഥലമാണ് ഉപയോഗപ്പെടുത്തുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇവ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത് ? | (സി) | അങ്കമാലി-ശബരി റെയിൽവെ ലൈനുമായി ബന്ധപ്പെട്ട് 24/06/2011-ൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്കായി ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടേയും റവന്യൂ റയിൽവെ ഉദ്യോഗസ്ഥരുടെയും യോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നിലവിലെ റയിൽവെ അംഗീകരിച്ച അലൈൻമെന്റ് ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ബൈപാസ് മുന്നിടത്ത് ക്രോസ് ചെയ്യുന്നത് സ്ഥലപരിശോധന നടത്തി ഒരു സ്ഥലത്താക്കി ക്രമീകരിക്കുന്നതിലേയ്ക്ക് ഇടുക്കി ജില്ലാ കളക്ടറെയും ചീഫ് എൻജിനീയർ (കൺസ്ട്രക്ഷൻ) സതേൺ റെയിൽവെ, എറണാകുളത്തേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കോട്ടയം ജില്ലയിൽ റയിൽവെ അംഗീകരിച്ച അലൈൻമെന്റും പുതുതായി നിർദ്ദേശിച്ച അലൈൻമെന്റും തങ്ങൾക്ക് സ്വീകാര്യമല്ലെന്ന് കോട്ടയം ജില്ലയിലെ ജനപ്രതിനിധികൾ അറിയിച്ചതിനെ തുടർന്ന് നാശനഷ്ടങ്ങളുടെ വ്യാപ്തി വളരെ കുറവുള്ള ഒരു അലൈൻമെന്റ് കോട്ടയം ജില്ലയിലെ ജനപ്രതിനിധികളുമായി ആലോചിച്ച് . 14.7.2011 വൈകിട്ട് 5 മണിക്ക് നടത്താൻ നിശ്ചയിച്ചിട്ടുള്ള (ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ) യോഗത്തിൽ നിർദ്ദേശം സമർപ്പിക്കുവാനും കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഗുരുവായൂർ-തിരുനാവായ അലൈൻമെന്റിന്റെ തൃശ്ശൂർ ജില്ലയിലെ സ്ഥലമെടുപ്പ് നടപടികൾ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ലാതെ നടന്നുവരുന്നു. നിലവിൽ മലപ്പുറം ജില്ലയിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾ 25.5.2011ൽ ആരംഭിച്ചിട്ടുണ്ട്. ഗുരുവായൂർ - തിരുനാവായ പാതയുടെ നീളം 34.5 കിലോ മീറ്ററാണ്. ഇതിൽ 12.7 കി.മീ. തൃശ്ശൂർ ജില്ലയിലും ബാക്കി മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ്, നന്നംമുക്ക്, എടപ്പാൾ, ഈഴുവത്തുരുത്തി, മാറാഞ്ചേരി, കാലടി. തവനൂർ, തിരുനാവായ വില്ലേജുകളിൽ കൂടിയാണ് കടന്നുപോകുന്നത്. പെരുമ്പടപ്പ് വില്ലേജിൽ |

| | | | |
|---|---|---|---|
| | | | 6.5. കി.മീ. സർവ്വെ പൂർത്തിയായിട്ടുണ്ട്. റയിൽ പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ നിന്നും റയിൽവെയ്ക്ക് ഏറ്റെടുത്ത് നൽകേണ്ട 48 ഹെക്ടർ സ്ഥലം നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 205 — 13-07-2011-ൽ മറുപടിക്ക്

## സ്പോർട്സ് ബിൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. റ്റി.എൻ. പ്രതാപൻ: | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ സ്പോർട്സ് സംഘടനകളിലും സ്പോർട്സ് കൗൺസിലുകളിലും അമിതമായ രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | (എ) | സ്പോർട്സ് കൗൺസിലുകളിലും വിവിധ സ്പോർട്സ് സംഘടനകളിലും രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കുന്നതിനായി കേരളാ സ്പോർട്സ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നകാര്യം പരിശോധിക്കുന്നതാണ്. |
| (ബി) ഇതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ മാതൃകയിൽ ഒരു സമഗ്രമായ സ്പോർട്സ് ബിൽ അവതരിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | |
|---|---|
| (സി) കായിക സംഘടനകളുടെ ഭരണത്തിലും നടത്തിപ്പിലും കായിക താരങ്ങൾക്ക് അവസരങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ ;<br>(ഡി) കായിക സംഘടനകളുടെ തലപ്പത്ത് തുടർച്ചയായി ഒരാൾതന്നെ ഇരിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) ശ്രീ. എ.കെ. പാണ്ഡ്യ, ഐ.എ.എസ് (റിട്ട) ചെയർമാനായുള്ള സ്പോർട്സ് കമ്മീഷൻ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെ സ്വയം ഭരണം അംഗീകരിയ്ക്കുന്നതോടൊപ്പം, ഭാരവാഹികളുടെ ഘടനയിൽ താഴെ പറയുന്ന മാറ്റങ്ങൾ ശുപാർശകളായി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br>1. സംസ്ഥാന അസോസിയേഷനുകളിൽ ജില്ലകളുടെ പ്രതിനിധികളായി ഇപ്പോൾ ജില്ലാ സെക്രട്ടറിമാരാണ് വരുന്നത്. ഇതിനുപകരം ജില്ലാ മത്സരങ്ങളിൽ വിജയിക്കുന്ന/രണ്ടാം സ്ഥാനം നേടുന്ന ക്ലബ്ബുകളുടെ പ്രതിനിധി കളായിരിയ്ക്കണം. അതായത് 'A' ഡിവിഷൻ മത്സര വിജയികളുടെ പ്രതിനിധികൾക്ക് അടുത്ത വർഷം ജില്ലാ അസോസിയേഷനുകളെ പ്രതിനിധീകരിച്ച് സംസ്ഥാന അസോസിയേഷനിൽ മെമ്പർമാരാകാവുന്നതാണ്. പ്രസ്തുത ക്ലബ്ബുകൾ തുടർന്നും വിജയികളായി ല്ലെങ്കിൽ അവരുടെ സ്ഥാനത്ത് അടുത്ത വർഷം പുതിയ വിജയികളുടെ പ്രതിനിധികളായിരിക്കും. ഇത് വിജയികൾ/രണ്ടാം സ്ഥാനം വരുന്ന ക്ലബ്ബുകളുടെ സെക്രട്ടറിമാർ ആയിരിക്കണം. |

2. വ്യക്തിഗത ഇനങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പോ രണ്ടാം സ്ഥാനമോ വരുന്ന ക്ലബ്ബുകളുടെ പ്രതിനിധികൾ ആയിരിക്കണം.

3. സംസ്ഥാന അസോസിയേഷനുകളിൽ ജില്ലാ അസോസിയേഷനുകളുടെ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ വരുന്ന രീതി നിർത്തേണ്ടതാണ്.

4. ഭരണപരമായ സൗകര്യത്തിനായി ഓഫീസ് ഭാരവാഹികളായ പ്രസിഡന്റ്, വൈസ്-പ്രസിഡന്റ് (4 എണ്ണം) സെക്രട്ടറി, ജോയിന്റ് സെക്രട്ടറി (2 എണ്ണം) ട്രഷറർ എന്നിവരുടെ ഔദ്യോഗിക കാലാവധി നാല് വർഷം ആയിരിയ്ക്കണം. ഇവരുടെ ക്ലബ്ബുകൾ മെമ്പർമാരല്ലെങ്കിലും ഇവർ കാലാവധി മുഴുവനായും ഭാരവാഹികളായിരിയ്ക്കും.

5. സ്റ്റേറ്റ് അസോസിയേഷനുകൾക്ക് മെമ്പർമാർ അല്ലാത്തവരേയും പ്രസിഡന്റുമാരായി നിയോഗിക്കാവുന്നതാണ്.

6. സ്റ്റേറ്റ് അസോസിയേഷനുകൾക്ക് റഫറീസ്/അമ്പയർമാർ/ജഡ്ജസ് എന്നിവരുടെ ഒരു പ്രതിനിധിയെ ജനറൽ ബോഡിയിൽ ഉൾപ്പെടുത്താവുന്നതാണ്.

7. സ്റ്റേറ്റ് അസോസിയേഷനുകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഓഫീസ് ഭാരവാഹികളും ജില്ലാ സെക്രട്ടറിമാരും ഉൾപ്പെടേണ്ടതാണ്.

| | |
|---|---|
| | 8. ജില്ലാ, സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെ സെക്രട്ടറിമാരാകുന്നതിന് ചില യോഗ്യത കൾകൂടി കമ്മീഷൻ ശുപാർശ ചെയ്തിരുന്നു.. ജില്ലാ അസോ. സെക്രട്ടറി ആകണമെങ്കിൽ സംസ്ഥാന ജൂനിയർ മത്സരത്തിൽ പങ്കെടുക്കയോ, അല്ലെങ്കിൽ സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിന് യോഗ്യതയുള്ള ഒരു ഒഫീഷ്യലോ ആയിരിയ്ക്കണം. സംസ്ഥാന അസോസിയേഷനുകളുടെ സെക്രട്ടറി ആകണമെങ്കിൽ സീനിയർ സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുക്കുകയോ അല്ലെങ്കിൽ നാഷണൽ മത്സരങ്ങൾ നടത്തുന്നതിന് യോഗ്യതയുള്ള ഒരു ഒഫിഷ്യലോ ആയിരിക്കണം. |
| (ഇ) | (ഇ) |
| മുൻ സർക്കാർ നടത്തിയ സ്പോർട്സ് ലോട്ടറിയിലൂടെ എത്ര തുക ലാഭമായി ലഭിച്ചുവെന്ന് അറിയിക്കുമോ ? | 9,35,12,453/- രൂപ |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമി ട്ട ചോദ്യം നം.206* | 13.07.2011 -ൽ മറുപടിയ്ക്ക് |
|---|---|

വികലാംഗ പെൻഷനും നിയമനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ. മാത്യു റ്റി. തോമസ്:<br>ശ്രീ. സി.കെ. നാണു: | | ശ്രീ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗ പെൻഷൻ വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | വികലാംഗ പെൻഷൻ നിലവിൽ പ്രതിമാസം 300/- രൂപയാണ്. ഇത് 400/- രൂപയായി വർദ്ധിപ്പിക്കുന്നതാണ്. |
| (ബി) | വികലാംഗരുടെ ക്വാട്ടയിൽ അനർഹമായി നിയമനം ലഭിച്ചവരുടെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഇത് സംബന്ധിച്ച് ആക്ഷേപം ലഭിക്കുന്ന മുറയ്ക്ക് അന്വേഷിച്ച് നടപടി എടുക്കുന്നുണ്ട്. സ്പെഷ്യൽ മെഡിക്കൽ ബോർഡ് വഴി വികലാംഗത്വത്തിന്റെ പുന:പരിശോധന, അന്വേഷണത്തിൽ അനർഹരുടെ നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ചു വരുന്നു. പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് റൂൾസ് 2000 പ്രകാരമുള്ള അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിക്കുവാൻ മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അപേക്ഷ സമർപ്പിച്ചിട്ടും ജോലി ലഭിക്കാത്ത എത്ര വികലാംഗർ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവർക്ക് ജോലി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വിവരം ലഭ്യമല്ല. ഇവർക്ക് ജോലി ലഭിക്കുവാൻ 3% സംവരണം ചെയ്ത തസ്തികകളിലേയ്ക്ക് നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

Mary Melvin Neh

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 207 — 13.07.2011 -ൽ മറുപടിയ്ക്ക്

## വന സംരക്ഷണ സമിതികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**ശ്രീ.പി.തിലോത്തമൻ**<br>**ശ്രീമതി.ഗീതാ ഗോപി** | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) കേരളത്തിൽ ഇപ്പോൾ എത്ര വന സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) കേരളത്തിൽ 389 വന സംരക്ഷണ സമിതികളും 187 ഇക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) പങ്കാളിത്ത വന പരിപാലനത്തിനായി രൂപീകരിച്ച വന സംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) ഉണ്ട് |
| സി) എങ്കിൽ അതിനുവേണ്ടിയുള്ള എന്തെല്ലാം നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ? | സി) വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ വഴിയും ഇക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴിയും നടപ്പാക്കി വരുന്നു.<br>1. വനമേഖലയിലെ പട്ടിക വർഗ്ഗക്കാർക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.<br>2. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളുടെ ഗുണഭോക്താക്കളായ ദാരിദ്ര്യ രേഖക്കു താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി തടി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>3. വന സംരക്ഷണ സമിതികൾ/ഇക്കൊ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴി നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ഭാഗമായി തൊഴിലവസരങ്ങൾ നൽകുന്നു.<br>4. അപകട മരണം, അംഗവൈകല്യം |

എന്നിവയ്ക്ക് പട്ടിക വർഗ്ഗക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

5. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.
6. ദേശീയ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വനാശ്രിത സമൂഹത്തിന് പൊതു ആസ്തികൾക്കായുള്ള ധന സഹായം നൽകുന്നു.
7. തടിയേതര വന വിഭവങ്ങൾ സൗജന്യമായി ശേഖരിക്കുന്നതിനുള്ള അനുമതി 1991 മുതൽ പട്ടികവർഗക്കാർക്ക് നൽകിയിട്ടുണ്ട്.
8. പട്ടികവർഗക്കാർ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ വഴി സൗജന്യമായി ഈറ്റ നൽകി വരുന്നു.
9. പട്ടികവർഗക്കാരുടെ കൃഷിയിടങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ജൈവ കുരുമുളക് വിദേശത്തേക്ക് കയറ്റി അയക്കുകയും ചെയ്യുന്നു.
10. പട്ടികവർഗ സെറ്റിൽമെന്റുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കുന്നു.
11. തടിയേതര വനവിഭവങ്ങളുടെ ശേഖരണം, സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധന വിപണനം എന്നിവയ്ക്കായി വനശ്രീ പദ്ധതി നടപ്പാക്കി വരുന്നു.
12. എഫ്.ഡി.എ വഴി വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകുന്നു.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 208 : 13/07/2011 -ൽ മറുപടിക്ക്

## വൻകിട വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക വ്യവസ്ഥപ്രകാരം അനുമതി നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൻകിട വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക വ്യവസ്ഥപ്രകാരം അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം? | (എ) & (ബി) | ഇടത്തരം /വൻകിട വ്യവസായ ങ്ങൾ തുടങ്ങുവാ നായി വിവിധ വകുപ്പുകൾ/ ഏജൻസികൾക്കുള്ള അപേക്ഷകൾ അതാത് വകുപ്പു കളിൽ/ഏജൻസികളിൽ പ്രത്യേകം നൽകുന്നതിനു പകരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്- ൽ നൽകുകയാണ് ഏകജാലക സംവിധാനത്തിൽ ചെയ്യുന്നത്. ഈ അപേക്ഷകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് വിവിധ വകുപ്പുകൾക്ക്/ ഏജൻസികൾക്ക് കൈമാറുകയും അനുമതികൾ/ തീരുമാനങ്ങൾ ത്വരിതപ്പെടു ത്തുകയും ചെയ്യുന്നു.<br>പ്രാബല്യത്തിലുള്ള നിയമങ്ങൾക്കും, നിലവിലുള്ള ഏകജാലക ക്ളിയറൻസ് ആക്ടിനും വിധേയമായിട്ടാണ് ഓരോ അപേക്ഷയിലും തീരുമാനം |
| (ബി) | വൻകിട വ്യവസായം ആരംഭിക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ഈ വ്യവസ്ഥപ്രകാരം അനുവാദം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | എടുക്കുന്നത്.<br>നിശ്ചിത സമയപരിധിക്കുള്ളിൽ അനുമതികൾ/തീരുമാനങ്ങൾ ലഭിക്കാത്തവ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള കേരള സംസ്ഥാന ഏകജാലക ബോർഡിനു മുമ്പാകെ വെയ്ക്കുകയും അനുമതികൾ/ തീരുമാനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.<br>കൂടാതെ 25 കോടി രൂപയ്ക്കു മുകളിലുള്ള സംരംഭങ്ങൾക്ക് ക്ലിയറൻസ് നൽകുവാനായി മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ഹൈ ലെവൽ കമ്മിറ്റിയും നിലവിലുണ്ട്. |
| (സി) | നിലവിൽ എത്ര വൻകിട വ്യവസായങ്ങൾക്കുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; ഏതെല്ലാം; | (സി) & (ഡി) | ഇടത്തരം/വൻകിട വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനായുള്ള കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിന്റെ പരിഗണനയിൽ വൻകിട വ്യവസായങ്ങൾക്കായുള്ള അപേക്ഷകൾ ഇല്ല. |
| (ഡി) | ഈ അപേക്ഷകളിന്മേൽ കൂടുതൽ പരിശോധനകൾ നടത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ പരിശോധനകളുടെ സ്വഭാവം എന്തെന്ന് പറയുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209 | | 13.07.2011ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വനിതാ വികസനോന്നമന പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ.സി.കെ. സദാശിവൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | സ്ത്രീകളുടെ വികസനോന്നമനങ്ങളെ വിലയിരുത്തിയിട്ടുണ്ടോ; സ്ത്രീകളുടെ ഉന്നമനത്തിനായി പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ഉണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനായി തയ്യാറാക്കി നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കേരളത്തിലെ വനിതകൾ മറ്റു സംസ്ഥാനങ്ങളിലെ വനിതകളെക്കാൾ ഉയർന്നനിലവാരം പുലർത്തുന്നതിന് സഹായകമായ നടപടികൾ ശക്തമാക്കുമോ ; | (ബി) | ശക്തമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | തൊഴിലുമായി ബന്ധപ്പെട്ട സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (സി) | 1) നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതാജീവനക്കാർക്കായി കുറഞ്ഞ ചെലവിൽ സുരക്ഷിത താമസത്തിനായി വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ.<br>2) സ്ത്രീകൾക്ക് മെച്ചപ്പെട്ട തൊഴിലുകൾ ലഭിക്കാൻ പ്രാപ്തരാക്കുന്നതിനായി തൊഴലധിഷ്ഠിത പരിശീലനം .<br>3) വിവിധ കോഴ്സുകൾ പാസ്സായിട്ടുള്ള സ്ത്രീകൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിന് പ്രാപ്തരാക്കു വാനായി ഫിനിഷിംഗ് സ്കൂളുകൾ.<br>4) തൊഴിൽ സ്ഥലത്തെ അതിക്രമങ്ങൾ തടയുന്നതിനായി എല്ലാ വകുപ്പുകളിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>5) ലൈംഗിക തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി യുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ

(1) കൗമാരക്കാരായ പെൺകുട്ടികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു വീഡിയോ, ഡോ. മല്ലികാസാരാഭായിയുമായി സഹകരിച്ച് നിർമ്മിച്ച് എല്ലാ വനിതാ കോളേജുകളിലും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു.

(2) മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയംതൊഴിലിനായി വായ്പാപദ്ധതി.

(3) വനിതകൾക്കായി തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം.

(4) പെൺകുട്ടികൾക്ക് സ്വയംരക്ഷാർത്ഥം ആയോധനകലയിൽ പരിശീലനം.

(5) വനിതകൾക്കായി പൊതുസ്ഥലങ്ങളിൽ ഇ-ടോയ്‌ലറ്റ് പദ്ധതി.

(6) ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ്.

(7) ആദിവാസികളുടെ ഇടയിലെ അവിവാഹിതരായ അമ്മമാരുടെയും കുട്ടികളുടെയും പുനരധിവാസം ലക്ഷ്യമാക്കി സ്നേഹസ്പർശം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 210

13.07.2011-ൽ മറുപടിക്ക്.

### സെസ്സുകൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സെസ്സുകൾ അനുവദിക്കുന്നതിന് സംസ്ഥാനം സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിന് കേന്ദ്രത്തിൽ നിന്നും അനുമതി കിട്ടാതെയുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) 7 എണ്ണം (ഏഴ് എണ്ണം).<br>1) കൊച്ചിൻ ടെക്നോപാർക്ക് ലിമിറ്റഡ്.<br>2) ഇ.റ്റി.എൽ ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് ലിമിറ്റഡ്.<br>3) തൃശ്ശൂർ ടെക്നോപാർക്ക് പ്രൈവറ്റ് ലിമിറ്റഡ്.<br>4) യൂണിടെക് റിയൽ എസ്റ്റേറ്റ് പ്രോജക്ട് ലിമിറ്റഡ്.<br>5) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (ഐ.റ്റി).<br>6) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (Airport SEZ).<br>7) കിൻഫ്ര, വാളയാർ (മെ. പാലക്കാട് ഇൻഫ്രാസ്ട്രക്ചർ പ്രൈ. ലിമിറ്റഡ്). |
| (ബി) അവയ്ക്ക് അനുമതി കിട്ടാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (ബി) ഇതു സംബന്ധിച്ച് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടില്ല. കൂടാതെ അതാത് കമ്പനികളുടെ പ്രൊമോട്ടർമാരാണ് കേന്ദ്രാനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ളത്. ആയതിനാൽ അനുമതി ലഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിനു ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ